

# THE BIBLE TRUTH

# ബൈബിൾ ട്രൂത്ത്

AUGUST YEAR: 2024

**പിതാവായ ദൈവം**

↓

**പുത്രനായ ക്രിസ്തു മുഖാന്തരം**

↓

**അപ്പൊസ്തലന്മാർക്ക് നൽകി**

↓

**അപ്പൊസ്തലന്മാർ മുഖാന്തരം**

↓

**സർവ്വ ലോകത്തിനും നൽകി**

↓

**ആ രക്ഷാദുത് സകല മനുഷ്യരും അനുസരിക്കണം**

- *രക്ഷിക്കപ്പെടുന്നവരെ കർത്താവ് സഭയോടു ചേർക്കുന്നു.*
- *നാമധേയ വിഭാഗങ്ങളെല്ലാം ദൈവ പദ്ധതിക്കു പുറത്താണ്.*
- *കൃപയാൽ സൗജന്യമായത്രെ ദൈവം രക്ഷിക്കുന്നത്.*
- *വിശ്വസിക്കുന്നവർ പാപങ്ങളെ വിട്ട് മാനസാന്തരപ്പെടും.*
- *പാപമോചനത്തിന് ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കണം.*
- *നിത്യജീവന്റെ വചനമാണ് പുതിയ നിയമത്തിലുള്ളത്.*
- *പിതാവിന്റെ ഉപദേശപ്രകാരമാണ് ക്രിസ്തു സംസാരിച്ചത്.*

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 43** | **August 2024** | **No.08**

## എഡിറ്റോറിയൽ

യഥാർത്ഥ വിശ്വാസവും അന്ധ വിശ്വാസവും തമ്മിൽ കുടിക്കുഴഞ്ഞു കിടക്കുകയാണ്. ആദ്യം നമുക്ക് അന്ധ വിശ്വാസത്തെ കുറിച്ച് നോക്കാം. അതിനു അടിസ്ഥാനമില്ല എന്നതാണ് വാസ്തവം. ആധികാരികമായ തെളിവുകളൊന്നും അതിനു ലഭ്യമല്ല. ഐതിഹ്യമായോ കേട്ടുകേൾവിയായോ പ്രചരിച്ച വസ്തുതകൾ സത്യമാണെന്ന് ആളുകൾ ധരിക്കുന്നത് ഭോഷ്ക്ക് വിശ്വസിക്കുന്നതാണ് ഒരു സംഭവം നടന്നാൽ, അത് കണ്ട ദൃക്സാക്ഷികൾ കാണും. അവരെ സാക്ഷ്യപ്പെടുത്തുന്ന വിശ്വസനീയരായ ആളുകൾ കാണും. ഇത് രണ്ടുമില്ലെങ്കിൽ അതു യാഥാർത്ഥ്യമല്ല എന്നു നമുക്ക് ഉറപ്പിക്കാം. പരിശോധിക്കുവാനോ തെളിവുകൾ കണ്ടെത്തുവാനോ കഴിയാത്ത കാര്യങ്ങളെ തള്ളിക്കളയുകയാണ് വേണ്ടത്. അല്ലാതെ അത്തരം അന്ധവിശ്വാസങ്ങളെ ഒരിക്കലും പ്രോൽസാഹിപ്പിക്കരുത്.

കാണുന്നതിനെ വിശ്വസിക്കുന്നത് മാത്രമല്ല വിശ്വാസം കാണാത്തവയെയും നമുക്ക് വിശ്വസിക്കാം. കാറ്റിനെ നമുക്ക് കാണുവാൻ കഴിയുന്നില്ല എങ്കിലും അത് നാം അനുഭവിക്കുന്നുണ്ട്. അതുപോലെ വൈദ്യുതി നമുക്ക് കാണുവാൻ കഴിയുന്നില്ലെങ്കിലും അതിന്റെ ശക്തി നമുക്ക് അനുഭവിക്കുവാൻ കഴിയും എന്നത് സത്യമാണ്. ഭൗതികമായ കണ്ണുകൾ കൊണ്ട് ദൈവത്തെ കാണുവാൻ ആർക്കും സാധ്യമല്ല. കാരണം ദൈവം ആത്മാവാണ്. എന്നാൽ ദൈവത്തിന്റെ പ്രവൃത്തി നമുക്ക് പല രൂപത്തിൽ അനുഭവപ്പെടും എന്നതു സത്യമാണ്. അതിനാൽ ദൈവം തന്നെ കുറിച്ച് തന്റെ സൃഷ്ടികളായ

മനുഷ്യർക്ക് സാക്ഷ്യങ്ങൾ നൽകാതിരിക്കുന്നില്ല. ദൈവം തന്റെ അരുളപ്പാടുകൾ നൽകിയപ്പോൾ, അത് സംസാരിച്ച മനുഷ്യരാൽ അടയാളങ്ങൾ പ്രദർശിപ്പിച്ച് സ്ഥിരീകരിക്കുകയുണ്ടായി. അതുകൊണ്ട് വചനം ദൈവശ്വാസിയമാണെന്ന് നമുക്ക് വിശ്വസിക്കാം. പക്ഷെ മനുഷ്യരുടെ സങ്കൽപങ്ങളോ ഉപദേശങ്ങളോ ആണെങ്കിൽ അതിനെ ഒരിക്കലും ദൈവവുമായി ബന്ധിപ്പിക്കുവാൻ ശ്രമിക്കരുത്. കാരണം ദൈവം ചിന്തിക്കുന്നത് മനുഷ്യർ ചിന്തിക്കുന്നതുപോലെ അല്ല. ആ കാര്യം എല്ലാവരും ശ്രദ്ധയോടെ മനസിലാക്കണം.

മനുഷ്യർ സത്യ ദൈവത്തേയും അവന്റെ വഴിയേയുമാണ് തിരിച്ചറിയേണ്ടത്. ദൈവപുത്രനും മനുഷ്യപുത്രനുമായി ജീവിച്ച യേശുക്രിസ്തു ദൈവ പദ്ധതി രുപപ്പെടുത്തി. ആ ഏക വഴിയാണ് മനുഷ്യർക്ക് ദൈവം ഒരുക്കിയിരിക്കുന്നത്. അത് ആദ്യം സന്ദേശരുപത്തിൽ സകല സൃഷ്ടികളോടും അറിയിച്ചു. പിന്നീട് അത് രേഖാരുപത്തിൽ പുസ്തകമാക്കി. പഴയ നിയമം മുൻപ് ദൈവം ഒരു ജാതിയെ (യിസ്രായേൽ) തിരഞ്ഞെടുത്ത് അവർക്ക് മാത്രമായി നൽകി. അതിനെ ന്യായപ്രമാണം എന്നും വിളിച്ചിരുന്നു. എന്നാൽ അതിനുശേഷം നൽകിയ പുതിയ നിയമ സന്ദേശമാണ് സുവിശേഷം. അത് യേശുക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവ അടങ്ങുന്നതാണ്. അത് പാപമോചന യാഗമാണ്. മനുഷ്യരുടെ പാപങ്ങൾ ദൈവം ക്ഷമിക്കുന്ന ജീവനുള്ള യാഗമായിരുന്നു അത്.

യേശുവിന്റെ ജീവചരിത്രം യഥാർത്ഥത്തിൽ സംഭവിച്ചതാണെന്ന് ലോക ചരിത്രം വ്യക്തമാക്കുന്നു. അവൻ അധർമ്മികളുടെ കയ്യാൽ ക്രൂശിൽ തറപ്പിച്ചു കൊല്ലപ്പെട്ടു അടക്കം ചെയ്തു എങ്കിലും ദൈവം അവനെ മുന്നാം നാൾ ഉയർത്തെഴുന്നേൽപിച്ചു. ഇപ്പോൾ അവൻ പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരുന്നു നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുന്നു. ഇപ്പോൾ നമുക്ക് പുർണ്ണമായ പാപപരിഹാരം ലഭ്യമാണ്. അതിനാൽ ധൈര്യത്തോടെ കൃപാസനത്തോടെ അടുത്തു ചെല്ലാം. നിങ്ങൾ മറ്റെല്ലാ അബദ്ധ വിശ്വാസങ്ങളെയും തള്ളിക്കളഞ്ഞ് സത്യ വിശ്വാസത്തിലേക്ക് തിരിയുക. അതിനുശേഷം പാപങ്ങളെ പൂർണ്ണമായി വിട്ടുകളഞ്ഞ് യേശു ദൈവപുത്രനെന്ന് ഏറ്റു പറഞ്ഞ് പാപമോചന സ്നാനം ഏൽക്കുക.

✶

# ആരാണ് പാപി ?

ജെ.സി ചോട്ട്

പലപ്പോഴും പറഞ്ഞു കേൾക്കാത്ത വാക്കുകൾ പലതുണ്ട്. പാപം, പാപി, ഭോഷ്ക്ക്, ദുഷ്ടത, വഷളത്വം എന്നീ പദങ്ങൾ അപൂർവ്വമായേ നാം കേൾക്കാറുള്ളു. ഈ പ്രവൃത്തികൾ എല്ലാ സമൂഹത്തിലും ഉടനീളം നടക്കുന്നുണ്ട്. എങ്കിലും സ്ത്രീകളിലും പുരുഷന്മാരിലും അത്ര ഗൗരവമായ തെറ്റായി ഗണിക്കപ്പെടുന്നില്ല. മനുഷ്യരിൽ ഇന്നും പാപ സ്വഭാവം നിലനില്ക്കുന്നതായി അവരുടെ ജീവിതം എടുത്തു കാണിക്കുന്നു. പാപം എന്നതു ഇന്നു ഒരു സാധാരണ സംഭവമായി മാറിയിരിക്കുകയാണ്. ചെറുതായാലും വലുതായാലും അതു തെറ്റുതന്നെയെന്നു സമ്മതിക്കണം.

ദൈവ വചനത്തിൽ പാപത്തെ നിർവ്വചിരിക്കുന്നതു ഇങ്ങനെയാണ്: പാപം ചെയ്യുന്നവൻ അധർമ്മവും ചെയ്യുന്നു. പാപം അധർമ്മം തന്നെ (1 യോഹന്നാൻ 3:4). അതേ ലേഖനത്തിൽ തന്നെ പറയുന്നതു: സകല പാപവും അനീതിയാകുന്നു എന്നാണ് (1 യോഹന്നാൻ 5:17). പാപം ചെയ്യുന്നവൻ പിശാചിൽ നിന്നുള്ളവൻ; അവൻ ആദി മുതൽ പാപം ചെയ്യുന്നു (1 യോഹന്നാൻ 5:8). നിയമ വിരുദ്ധമായി ചെയ്യുന്ന എന്തും പാപമാണ്. ചെയ്യാൻ പറഞ്ഞിരിക്കുന്നതു ചെയ്യാതിരുന്നാലും ചെയ്യരുത് എന്നു പറഞ്ഞിരിക്കുന്നതു ചെയ്താലും അധർമ്മം തന്നെയാണ് ലോകത്തിൽ നടക്കുന്നതു ഇതു തന്നെയാണ്.

ദൈവേഷ്ടത്തിനു വിരുദ്ധമായിട്ടുള്ള എന്തും ഈ ഗണത്തിൽ പെടുന്നതാണ്. ആകയാൽ പാപം മോശവും തെറ്റും മ്ലേഛവുമാണ് എന്നു വ്യക്തമാണ്. തിരിച്ചറിവുള്ള ഏതൊരാളിലും പാപത്തിന്റെ കുറ്റം ഉണ്ടാകും. ഒരു വ്യത്യാസവുമില്ല; സകല മനുഷ്യരും പാപം ചെയ്തു ദൈവ തേജസില്ലാത്തവ

രായി തീർന്നു എന്നു അപ്പൊസ്തലനായ പൗലോസ് പറയുന്നു (റോമർ 3:23). ആ പാപികളുടെ കൂട്ടത്തിൽ നുണ പറയുന്നവരെയും നിരപരാധികളുടെ രക്തം ചിന്തുന്ന വരേയും ഉൾപ്പെടുത്തിയിട്ടുണ്ട്. തെറ്റിൽ നിന്നു ശരി തിരിച്ചറിയുന്നതിനുള്ളേ കഴിവുള്ളവരെയാണ് ഇവിടെ പറയുന്നതു. ശിശുക്കളെയും ബാല്യക്കാരെയും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. നിങ്ങൾ തിരിഞ്ഞു ശിശുക്കളെ പോലെ ആയി വരുന്നില്ലെങ്കിൽ നിങ്ങൾക്കു ദൈവരാജ്യത്തിൽ കടപ്പാൻ സാദ്ധ്യമല്ല എന്നു ക്രിസ്തു പഠിപ്പിച്ചിരിക്കുന്നു (മത്തായി 18: 3)

എല്ലാവരും പാപികൾ ആണെങ്കിൽ ഈ പാപത്തിൽ നിന്നും നമുക്കു എങ്ങനെ മോചനം പ്രാപിക്കാം? കാരണം പാപത്തിനു ശിക്ഷയുണ്ടല്ലോ. നിയമം ലംഘിക്കുന്നവരെ ശിക്ഷിക്കണമല്ലോ. പാപത്തിന്റെ ശിക്ഷ മരണമാണ്. ആ മരണം ഒഴിവാക്കുവാൻ സാദ്ധ്യമല്ല. അതുകൊണ്ടു ദൈവം തന്റെ ഏകജാതനായ പുത്രനെ അതിനായി നിയോഗിച്ചു. ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കു വേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹം പ്രകടിപ്പിച്ചു. (റോമർ 5:8-9). നമുക്കു സംഭവിക്കേണ്ട നിത്യ വേർപാട് ഒഴിവാക്കുവാനായി ദൈവം ചെയ്ത പ്രവർത്തി നിമിത്തം ദൈവസ്വഭാവത്തെ നാം മനസിലാക്കണം.

യേശു ഈ ലോകത്തിൽ വന്നു ക്രൂശിൽ മരച്ചതു പാപികളെ ശിക്ഷിക്കാതെ പാപം ക്ഷമിച്ചു കൊടുക്കുവാനായിരുന്നു. അതാണ് ആത്മാവിന്റെ രക്ഷ. ദൈവ കോപത്തിൽ നിന്നും രക്ഷ നേടുക എന്നതു വലിയ ഭാഗ്യമാണ്. ക്രിസ്തുവിന്റെ രക്തത്താലുള്ള നിതീകരണമാണ് അതിനുള്ള വഴി. എന്നാൽ ക്രിസ്തുവിന്റെ മരണം നമ്മുടെ ജീവിതത്തിൽ നാം എങ്ങനെ പ്രായോഗികമാക്കും?

ക്രിസ്തുവിൽ അവൻ ചിന്തിയ രക്തത്താൽ നമ്മുടെ പാപങ്ങൾ കഴുകപ്പെടണം. അവന്റെ മരണത്തോടും ഏകീഭവിക്കു

വാനായി ദൈവം കൽപ്പനയും തന്നിട്ടുണ്ട്. അവന്റെ മരണം അടക്കം ഉയിർപ്പ് എന്നിവയിൽ നാം പങ്കാളികളാകണം. അതിനായുള്ള കൽപ്പനയാണ് സ്നാനം. ശൗൽ മാനസാന്തരപ്പെട്ടു കഴിഞ്ഞപ്പോൾ അനന്യാസ് എന്ന സുവിശേഷകൻ പറയുന്നതു: ഇനി താമസിക്കുന്നതു എന്ത്? എഴുന്നേറ്റു കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ച് പ്രാർത്ഥിച്ച സ്നാനം ഏറ്റു നിന്റെ പാപങ്ങളെ കഴുകി കളക എന്നത്രെ ( പ്രവൃത്തി 22: 16) യേശുവിന്റെ യാഗം ദൈവത്തിനു പ്രസാദകരമായി തീർന്നു. എന്നാൽ നമുക്ക് അതിൽ വിശ്വാസം ഉണ്ടായി, അതിനോടു ബന്ധപ്പെടണം. (മർക്കൊസ് 16:15,16)

ഒരാൾ കർത്താവിനാൽ രക്ഷിക്കപ്പെടുമ്പോൾ ആ വ്യക്തിയെ കർത്താവ് തന്റെ സഭയിലേക്കു ചേർക്കുന്നു (റോമർ 6:14; പ്രവർത്തി 2:47) അതിനു ശേഷവും അയാൾ ജഢത്തിൽ വസിക്കുന്നതുകൊണ്ടു അയാൾ പാപിയല്ല എന്നു പറയാൻ അയാൾക്കു കഴിയുകയില്ല. ചിന്തയിലും സ്വഭാവത്തിലും പ്രവർത്തിയിലും അറിയാതെ സംഭവിക്കുന്നതാണല്ലോ പാപം. അതു നാം വിസ്മരിക്കരുത്. സ്വയ നിതീകരണം ദൈവസാന്നിധിയിൽ വിലപ്പോവുകയില്ല. നാം തെറ്റുകാരല്ല എന്നു നാമല്ല, മറിച്ച് ദൈവമാണ് പറയേണ്ടത്. നമ്മിൽ പാപമില്ല എന്നു നാം പറയുന്നുവെങ്കിൽ നാം നമ്മെ തന്നെ വഞ്ചിക്കുന്നവരായി തീരുന്നു.

അപ്പൊസ്തലനായിരുന്ന യോഹന്നാൻ തന്റെ ലേഖനത്തിൽ വിവരിച്ചിരിക്കുന്നതു മനസിലാക്കുക. “ദൈവം വെളിച്ചമാകുന്നു; അവനിൽ ഇരുട്ടും ഒട്ടും ഇല്ല എന്നുള്ളതു ഞങ്ങൾ അവനോടു കേട്ടു നിങ്ങളോടു അറിയിക്കുന്ന ദൂതാകുന്നു. അവനോടു കൂട്ടായ്മ ഉണ്ടു എന്നു പറയുകയും ഇരുട്ടിൽ നടക്കയും ചെയ്താൽ നാം ഭോഷ്ക്ക് പറയുന്നു. സത്യം പ്രവർത്തിക്കുന്നതുമില്ല. അവൻ വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്. അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. നമുക്കു

പാപം ഇല്ല എന്നു നാം പറയുന്നുവെങ്കിൽ നമ്മത്തന്നെ വഞ്ചിക്കുന്നു. സത്യം നമ്മിൾ ഇല്ലാതെയായി. നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നുവെങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു. നാം പാപം ചെയ്തിട്ടില്ല എന്നു പറയുന്നുവെങ്കിൽ അവനെ അസത്യവാദിയാക്കുന്നു. അവന്റെ വചനം നമ്മിൽ ഇല്ലാതെയായി. (1 യോഹന്നാൻ 1: 5-10).

പൊതുവിൽ നാം എല്ലാവരും പാപികൾ ആണെങ്കിൽ പാപത്തിൽ നിന്നു നമുക്കു ക്ഷമാപണം ലഭിക്കുവാനുള്ള വഴി ദൈവം വെളിപ്പെടുത്തിയിട്ടുണ്ട്. ക്രിസ്തുവിന്റെ വചനം വിശ്വസിച്ച് പ്രമാണിച്ചാൽ ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിക്കുന്നു. പിന്നീട് നാം വിശ്വസ്തതയോടെ ജീവിക്കയും വേണം. ക്രിസ്തുവിന്റെ രക്തം അങ്ങനെ ജീവിക്കുന്നവരുടെ പാപങ്ങളെ മോചിക്കുന്നു. ശുദ്ധീകരണവും നീതീകരണവും സത്യത്തെ അനുസരിക്കുന്നവർക്കുള്ളതാണ്. വിശുദ്ധവും നിർമ്മലവുമായ ഒരു ഹൃദയം നൽകുവാൻ ദൈവത്തിനേ കഴിയു.

നിങ്ങൾ കർത്താവിന്റെ വചനം കേട്ട്. വിശ്വസിച്ച്, പാപങ്ങളിൽ നിന്നും തിരിഞ്ഞു ക്രിസ്തു ദൈവ പുത്രനെന്ന വിശ്വാസം ഏറ്റു പറഞ്ഞു, പാപമോചനത്തിനു വേണ്ടിയുള്ള സ്നാനം ഏൽക്കുകയും കർത്താവിനാൽ രക്ഷിക്കപ്പെടുകയും ചെയ്യും എന്നു ഞങ്ങൾ പ്രത്യാശിക്കുന്നു.

**യുവാക്കൾക്കുവേണ്ടി**

ഇതാ ഒരുവൻ വിളിച്ചു പറയുന്നു. "യൌവനക്കാരാ നിന്റെ യൌവനത്തിൽ സന്തോഷിക്കു; യൌവനകാലത്തിൽ നിന്റെ ഹൃദയം ആനന്ദിക്കട്ടെ; നിനക്കു ഇഷ്ടമുള്ള വഴികളിലും നിനക്കുബോധിച്ചവണ്ണവും നടന്നു കൊൾക.

യൌവന പ്രായത്തിൽ മനുഷ്യഹൃദയം ചാഞ്ചാടുന്ന കുരങ്ങിനെപ്പോലെയാണ്. പലപ്പോഴും ശരിയും തെറ്റും തമ്മിൽ

വിവേചിച്ചറിയാൻ കഴിഞ്ഞില്ലാ എന്നു വരുന്നു. യൌവനത്തിൽ കാണിക്കുന്ന വികൃതികളൊക്കെ തന്റെ ഹൃദയം സന്തോഷിക്കണമെന്ന താൽപര്യത്തിലാണ്. പിൽക്കാലജീവിതത്തിൽ പലതും തെറ്റായി തോന്നുമെങ്കിലും യൌവനത്തിൽ തെറ്റുകാണുവാൻ കഴിഞ്ഞില്ലെന്നുവന്നേക്കാം. കാരണം ആ പ്രായത്തിന്റെ പ്രത്യേകതയാണത്. അങ്ങനെ ഹൃദയാനന്ദത്തിനു വേണ്ടി ദാഹിക്കുന്ന, യൌവനക്കാരനോടു ജ്ഞാനിയായ ഒരു മഹാൻ വിളിച്ചു പറയുന്നു. യൌവനത്തിൽ നിനക്കു ഇഷ്ടമുള്ള വഴികളിലും നിനക്കു ബോധിച്ചവണ്ണവും നടന്നു കൊൾക എന്ന്. യുവാക്കൾക്ക് എത്ര സന്തോഷകരമായ വാക്കുകളാണിവ. ആരാണ് ഇപ്രകാരം വിളിച്ച് പറയുന്നത്? ജ്ഞാനിയായ ശലോമോൻ തന്നെ.

ബൈബിളിൽ സഭാപ്രസംഗി പതിനൊന്നാം അദ്ധ്യായം ഒമ്പതാം വാക്യത്തിലാണ് മേൽ പറഞ്ഞ പ്രസ്താവന, ഒരു ജ്ഞാനിയുടെ വാക്കുകളാകയാൽ അവ സ്വീകരിക്കുന്നതിലാ ഒരു തെറ്റു പറയാനുമില്ല. അവിടം കൊണ്ടു തനിക്കു പറയുവാനുള്ളതു പറഞ്ഞു അവസാനിപ്പിച്ചിരുന്നെങ്കിൽ സ്ഥിതി എന്താകുമായിരുന്നു. എന്നാൽ ജ്ഞാനി പിന്നെയും തുടരുകയാണ്. എന്നാൽ ഇവ ഒക്കെയും നിമിത്തം ദൈവം നിന്നെ ന്യായവിസ്താരത്തിലേക്കു വരുത്തും എന്നറിക. പിന്നെയും പറയുന്നു. ബാല്യവും യൌവനവും മായ അത്രേ എന്ന്. ബാല്യത്തിലും യൌവനത്തിലും അംഗീകരിപ്പാൻ ഇഷ്ടപ്പെടാത്ത ശബ്ദമാണെങ്കിലും ഓർത്തുകൊൾക. "ബാല്യവും യൌവനവും മായ അത്രേ. കേവലം നിഴൽ പോലെ വരുന്നു. അതു പോലെ പോകുന്നു. അവിടം കൊണ്ടു കാര്യങ്ങൾ തീരുന്നില്ല. ഒരു ദിവസം താങ്കളെ ന്യായവിസ്താരത്തിലേക്കു വരുത്തും.

ഒരു പക്ഷെ താങ്കൾ ഇന്നു ദൈവത്തിൽ വിശ്വസിക്കുന്ന വ്യക്തി അല്ലായിരിക്കാം. എങ്കിലും ന്യായവിസ്താരത്തിലേക്കു വന്നേ മതിയാവൂ. അതിൽ നിന്നും ഒഴിഞ്ഞു നിൽപ്പാൻ ആർക്കും സാധ്യമല്ല.

ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കുന്നു. എബ്രാ. 9:27 രണ്ടു നിയമങ്ങളാണ് (1) മരണം (2) ന്യായവിധി. യൌവനത്തിൽ മരണം പിടികൂടി എന്നു വരാം. ഒരു പക്ഷേ വാർദ്ധക്യത്തിലാണ് മരണം എന്നും വരാം. എന്നാൽ ഒരു ന്യായവിധി ഉണ്ട് എന്നത് നിശ്ചയമാണ്. ആ ന്യായവിധി ദിവസത്തിൽ നിൽപ്പാൻ ഒരു മനുഷ്യനും ധൈര്യമില്ലാതാകും. ഒരു രക്ഷാമാർഗ്ഗം ഇതാ - "ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല" . റോമ 8:1.

പ്രിയ സുഹൃത്തേ, താങ്കൾ ക്രിസ്തുയേശുവിലാണോ. അല്ലായെങ്കിൽ ഇപ്പോൾ അതിനു അവസരമുണ്ട്. ഇപ്പോൾ ജീവനോടെ ആയിരിക്കുമ്പോൾ ക്രിസ്തുയേശുവിൽ ആയിത്തീരാം. എങ്ങനെ? " യേശുവിനെ വിശ്വസിക്കയും ഏറ്റു പറകയും മാനസാന്തരപ്പെട്ട് പാപമോചനത്തിനായി യേശു ക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേൽക്കയും ചെയ്യുക. അപ്പോൾ കർത്താവു നിങ്ങളെ രക്ഷിക്കും.

★

# ജീവനും മരണത്തിനും ഇടയിൽ

**ജോണി രാംസെ**

മനുഷ്യരെ നമുക്കു രണ്ടായി തരം തിരിക്കാവുന്നതാണ്. ജിവനുള്ളവരും മരിച്ചവരുമുണ്ട്. മോശെയും അഹരോനും അവരുടെ കാലയളവിൽ മരിച്ചവരെയും ജീവനുള്ളവരെയും വേർതിരിക്കുന്നതായി നമുക്കു ഗ്രഹിക്കാൻ കഴിയുന്നുണ്ട്. (സംഖ്യാപുസ്തകം 16:48) കോരഹും തന്റെ കൂടെയുണ്ടായിരുന്നതവും ശരിയല്ലാത്ത മനോഭാവവും ഉദ്ദേശവും വച്ചു പുലർത്തിയവരായിരുന്നു. അവരുടെ മത്സരം നിമിത്തം അവർക്കു നാശം സംഭവിച്ചു. അവരുടെ മോശമായ തീരുമാനത്തിന്റെ അനന്തര ഫലം അവരുടെ ലക്ഷ്യസ്ഥാനത്തേയും മാറ്റി മറിച്ചു. പ്രാകൃത മനസിൽ കടന്നു വരുന്ന ദുഷ്ട ചിന്താഗതികൾ വരുമ്പോൾ തന്നെ

അതു പിശാചിൽ നിന്നാണെന്നു നാം വിചാരിക്കണം. പാപം മരണകരമായ ഒരു രോഗമാണ്. പൊള്ളയായ ആശയങ്ങൾ മനസിൽ ഉദിപ്പിച്ച് നമ്മെ നശിപ്പിക്കുമ്പോൾ സാത്താൻ അതിൽ ആനന്ദം കൊള്ളുന്നു.

ജ്ഞാനിയുടെ ഉപദേശം ജീവന്റെ ഉറവാകുന്നു. അതിനാൽ മരണത്തിന്റെ കണികളെ ഒഴിഞ്ഞു പോകും. (സദൃശവാക്യങ്ങൾ 13: 14) ദ്രോഹിയുടെ വഴി ദുർഘടം തന്നെ. ഭോഷന്മാർക്കു കൂട്ടാളിയായവനോ വ്യസനിക്കേണ്ടിവരും. ശരീരത്തിൽ വസിക്കുന്ന ഏവനും ഈ ലോക ജിവിതവുമായി ബന്ധപ്പെട്ടാണിരിക്കുന്നതു. സത്യസന്ധതയും ആത്മാർത്ഥതയും എന്നൊക്കെ നാം പറയാറുണ്ടല്ലോ. ജീവിതത്തിൽ അതിനുള്ള പ്രത്യേകത വളരെ വലുതാണ്. ഭോഷന്മാരെ അകൃത്യയാഗം പരിഹസിക്കുന്നു. നേരുള്ളവർക്കോ തമ്മിൽ പ്രീതിയുണ്ട്. ഹൃദയം സ്വന്ത ദുഖത്തെ അറിയുന്നു. അതിന്റെ സന്തോഷത്തിലും അന്യൻ ഇടപെടുന്നില്ല. ദുഷ്ടന്മാരുടെ വീടു മുടിഞ്ഞുപോകും നീതിമാന്റെ കൂടാരമോ താഴെക്കും (സദൃശവാക്യങ്ങൾ 14:9:20)

ജീവനും മരണത്തിനും ഇടയിൽ കിടക്കുന്ന ധാരാളം ആളുകൾ ഉണ്ട്. ചിലർ ന യ്ക്കായി ജീവിക്കുന്നു. മറ്റു ചിലർ നന്മ ചെയ്യുന്നവരെ അനുഗമിക്കുന്നുണ്ട്. മറ്റുള്ളവർ ദുഷ്ടതയെ പിൻപറ്റുന്നു. ഭൂരിപക്ഷത്തെ നോക്കി അവരെ പിൻ പറ്റുന്നവരാണ് അധികവും. അവരെ അന്ധമായി അനുഗമിക്കയാണ് അത്രയും പേർ. നശിക്കുകയാണെങ്കിൽ അവരുടെ കൂടെ നശിച്ചോളാം എന്ന തത്വത്തെ മുറുകെ പിടിക്കുന്നവരുമുണ്ട്. എന്നാൽ അവർ അവസാനം ചെന്നെത്തുന്നതു യാതനാസ്ഥലത്തായിരിക്കും. എന്നാൽ ബുദ്ധിയോടെ പ്രവർത്തിക്കുന്നവർ ചുരുക്കം ചില പേരോടു കൂടെ ഇടുങ്ങിയ വഴിയിൽ കൂടെ സഞ്ചരിക്കും. അവർ അവസാനം സ്വർഗ്ഗീയ മഹത്വം അലങ്കരിക്കപ്പെടും (മത്തായി 7:13-14). അനേകർ പോകുന്നതു നാശത്തിലേക്കാണെന്നു പറഞ്ഞാൽ അവർ സമ്മതിക്കയില്ല. എന്നിരുന്നാലും അതു സത്യമാണ്.

സങ്കീർത്തനത്തിൽ വായിക്കുന്നതു എത്ര സത്യമാണ്! എന്നാൽ നിന്നെ ശരണം പ്രാപിക്കുന്നവരെല്ലാവരും സന്തോഷിക്കും; നീ അവരെ പാലിക്കുന്നതുകൊണ്ടു അവർ എപ്പോഴും ആനന്ദിച്ചാർക്കും. നിന്റെ നാമത്തെ സ്നേഹിക്കുന്നവർ നിന്നിൽ ഉല്ലാസിക്കും (സങ്കീർത്തനങ്ങൾ 5.11). ദൈവത്തെ കോപിപ്പിക്കുന്നവർക്കു ശിക്ഷയും ദൈവത്തെ പ്രസാദിപ്പിക്കുന്നവർക്കു സന്തോഷവും അവൻ നല്കും.

കുട്ടികൾ അവരുടെ ആത്മീയ പാത തിരഞ്ഞെടുക്കുവാൻ അവരെ സഹായിക്കേണ്ടവരാണ് മാതാപിതാക്കൾ. അവരുടെ ജീവിതത്തെ വാർത്തെടുക്കുന്നതിൽ അപ്പനും അമ്മക്കും വളരെ ഉത്തരവാദിത്വമുണ്ട്. അവരുടെ ജീവനും മരണത്തിനുമിടക്കു നില്ക്കുന്നവരായതുകൊണ്ട് അവരുടെ ആത്മിയ കർത്താവ്യം ഒഴിച്ചു കൂടാനാവാത്തതാണ്. ദൈവത്തിന്റെ കൃപാ സുവിശേഷം അനുസരിച്ച് ലക്ഷക്കണക്കിനാളുകൾ സ്വർഗ്ഗീയ ലക്ഷ്യത്തിൽ പ്രവേശിച്ചിട്ടുണ്ട്. കാരണം അവരുടെ അപ്പനമ്മമാർ അവരെ കർത്താവിന്റെ പത്ഥ്യോപദേശത്തിലും ബാല ശിക്ഷയിലും വളർത്തി (പ്രവൃത്തി 20.24). ബലഹീനരും പാപികളുമായ മാതാപിതാക്കളുടെ നിരുത്തരവാദിത്വം നിമിത്തം ആയിരക്കണക്കിനു ആളുകൾ നാശത്തിലേക്കു പോയിട്ടുണ്ട്.

വചനപരിജ്ഞാനവും വിശ്വാസ സ്ഥിരീകരണവുമുള്ള മാതാപിതാക്കളാണ് നമുക്ക് എല്ലാവർക്കും ഉള്ളതെങ്കിൽ അതിന്റെ ഫലം നമുക്ക് അനുഭവിക്കാൻ കഴിയും. ഹന്നാ, ലോവിസ്, യൂനിക്ക തുടങ്ങിയ അമ്മമാർ അവരുടെ കടമ നിർവ്വഹിച്ചവരാണ്. ഇന്നു ശമുവേൽ, യോശുവ, തിമൊഥെയോസ് എന്നീ ഉപദേഷ്ടാക്കളെ പോലുള്ളവർ ഉണ്ടാകുമായിരുന്നു. രക്ഷാകർത്താക്കൾ തങ്ങളുടെ ഭവനത്തിൽ സുവിശേഷ വേല ചെയ്യുമ്പോൾ അതു സമൂഹത്തിനു പ്രയോജനപ്പെടും.

ക്രിസ്ത്യാനികൾ ലോകത്തിന്റെ വെളിച്ചമായിരിക്കണം. മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല (മത്തായി

5:14). സുവിശേഷകന്മാർ നില്ക്കുന്നതു ജീവന്റെയും മരണത്തിന്റെയും ഇടയ്ക്കാണ്. സത്യം തുറന്നു പറയുമ്പോൾ ആത്മാക്കൾ സ്വതന്ത്രരായി തീരുന്നു. ദൈവത്തിന്റെ ആലോചന മുഴുവൻ അറിയിക്കാതിരുന്നാൽ ഫലമെന്തായിരിക്കും? ആത്മാക്കൾ നഷ്ടപ്പെടും. മനുഷ്യരെ പ്രസാദിപ്പിക്കുന്ന സേവനമല്ല മറിച്ച് ദൈവത്തെ പ്രസാദിപ്പിക്കുന്ന  സേവനമാണ് ആവശ്യം. സുവിശേഷകന്മാർ ഭീരുക്കളാകരുത്. ഭൗതികമായ നിലനില്പിനു വേണ്ടിയായിരിക്കരുത് അവരുടെ പ്രവർത്തനം. മനുഷ്യ രക്ഷക്കുള്ള ഏക മാർഗം സുവിശേഷം ആണ്. അത് രക്ഷക്കുള്ള ദൈവിക ശക്തിയാണ്. ആളുകൾ കേട്ടു വിശ്വസിക്കേണ്ടതും അനുസരിക്കേണ്ടതും സത്യ സുവിശേഷമാണ്

പക്ഷെ മനുഷ്യർ അതിനോട് പലതും കൂട്ടിച്ചേർക്കുകയും, ചിലതു നീക്കം ചെയ്തുമാണ് പഠിപ്പിക്കുന്നത്. അതിനാൽ ദൈവം ഉദ്ദേശിക്കുന്ന ഫലം അവർക്ക് ലഭിക്കാതിരിക്കുകയാണ്. പരിഹാരമാർഗം ഒന്നേയുള്ളു. എല്ലാവരും സത്യ സുവിശേഷത്തിലേക്ക് തിരിച്ചു വരണം. മറ്റെല്ലാം ഉപേകഷിക്കയും വേണം.

★

# ബൈബിളിനെ ശരിയായി വിഭജിക്കൽ

**ഗ്ലെൻ കോളെ**

ബൈബിൾ ദൈവ വചനമാണല്ലൊ. അതുകൊണ്ട് അതിന്റെ പ്രാധാന്യം പ്രത്യേകിച്ചു എടുത്തു പറയേണ്ട ആവശ്യമില്ല. എന്നാൽ അതിനെ ശരിയായ വിഭാഗിച്ച് മനസിലാക്കണം എന്നതു വളരെ പ്രാധാന്യമുള്ള ഒന്നാകുന്നു. ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിയിലും വക പ്രാപിച്ച് തികഞ്ഞവൻ ആകേണ്ടതിനു തന്നിരിക്കുന്ന ഒന്നാണ് തിരുവെ

ഴുത്ത്. നാം ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി വചനത്തെ യഥാർത്ഥമായ പ്രസംഗിക്കേണ്ടതാണ്. ബൈബിളിനെ എങ്ങനെ വിഭജിക്കണമെന്ന ഏതാനും വഴികൾ നമുക്കു പരിഗണിക്കാം. ശരിയായി വിഭജിച്ചില്ലെങ്കിൽ ഉണ്ടാകുന്ന പ്രശ്നങ്ങളും നോക്കാം.

ആദ്യമായി ബൈബിളിനെ പഴയ നിയമമെന്നും പുതിയ നിയമമെന്നും തരം തിരിക്കാം. പഴയ നിയമം ഇസ്രയേൽ ജനത്തിനു നൽകിയതായിരുന്നു. പുതിയ നിയമം സകല ജാതികൾക്കുമുള്ളതാണ്. ആദ്യത്തേത് പഴയതാകാൻ കാരണം രണ്ടാമത്തേതു നിലവിൽ വന്നതുകൊണ്ടാണ്. ഇവ രണ്ടും വേർതിരിച്ച് മനസിലാക്കിയാലേ വ്യത്യാസം അറിയാൻ സാധിക്കും.

ഒരു നിയമം എന്തിനാണെന്നു ചോദിച്ചേക്കാം. ഒന്നിലധികം വ്യക്തികൾ ഉള്ള സമൂഹത്തിലെ ജീവിതം സൈ്വര്യമായിരിക്കുവാനാണ്. ജനങ്ങൾ ആരംഭത്തിൽ വർദ്ധിക്കാൻ തുടങ്ങിയപ്പോൾ അവർക്കു പാലിക്കുവാൻ ഒരു നിയമവും അവരെ അതോർമ്മിപ്പിക്കുവാൻ ഒരു നായകനേയും ദൈവം കൊടുത്തു. ജനത്തെ നയിക്കുവാൻ ദൈവത്താൽ നിയോഗിക്കപ്പെട്ട ദാസനായിരുന്നു മോശെ. മോശെ എല്ലാ യിസ്രായേലിനോടും വിളിച്ചു പറഞ്ഞതു എന്തെന്നാൽ; യിസ്രായേലേ, ഞാൻ ഇന്നു നിങ്ങളെ കേൾപ്പിക്കുന്ന ചട്ടങ്ങലും വിധികളും കേൾപ്പിൻ; അവയെ പഠിക്കയും പ്രമാണിച്ചനുസരിക്കയും ചെയ്‌വിൻ. നമ്മുടെ ദൈവമായ യഹോവ ഹോരേബിൽ വെച്ചു നമ്മോടു ഒരു നിയമം ചെയ്തുവല്ലൊ. ഈ നിയമം യഹോവ നമ്മുടെ പിതാക്കന്മാരോടല്ല, നമ്മോടു ഇന്നു ഇവിടെ ജീവനോടിരിക്കുന്ന നമ്മോടു ഒക്കെയും തന്നെ ചെയ്തതു. (ആവർത്തന പുസ്തകം 5:1-3)

പഴയ നിയമം അതിന്റെ ഉദ്ദേശം നിറവേറ്റുകയും അതിനു ശേഷം നീങ്ങപ്പെടുകയും ചെയ്തു. പരിജ്ഞാനക്കുറവു നിമിത്തം ചിലർ പഴയ നിയമം ഇന്നും നിലനിൽക്കുന്നതായി വിശ്വസിക്കുന്നുണ്ട്.

തത്വജ്ഞാനവും വെറും വഞ്ചനയും കൊണ്ടു ആരും നിങ്ങളെ കവർന്നു കളയാതിരിപ്പാൻ സൂക്ഷിപ്പിൻ; അതു മനുഷ്യരുടെ സമ്പ്രദായത്തിനു ഒത്തവണ്ണം, ലോകത്തിന്റെ ആദ്യപാഠങ്ങൾക്കു ഒത്തവണ്ണം അല്ലാതെ ക്രിസ്തുവിനു ഒത്തവണ്ണമുള്ളതല്ല. അവനിലല്ലോ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നതു. എല്ലാ വാഴ്ചക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു. അവനിൽ നിങ്ങൾക്കു ക്രിസ്തുവിന്റെ പരിഛേദനയാൽ ജഡശരീരം ഉരിഞ്ഞു കളഞ്ഞതിനാൽ തന്നേ കൈകൊണ്ടല്ലാതെ പരിഛേദനയും ലഭിച്ചു. സ്നാനത്തിൽ നിങ്ങൾ അവനോടു കൂടെ അടക്കപ്പെട്ടുകയും അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേൽപ്പിച്ച ദൈവത്തിന്റെ വ്യാപാര ശക്തിയുള്ള വിശ്വാസത്താൽ അവനോടു കൂടെ നിങ്ങളും ഉയിർത്തെഴുന്നേൽക്കയും ചെയ്തു.

അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമ്മത്തിലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ അവനോടു കൂടെ ജീവിപ്പിച്ചു. അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ, നമുക്കു വിരോധവും പ്രതികൂലമായിരുന്ന കയ്യെഴുത്തു മായിച്ചു ക്രൂശിൽ തറെച്ചു നടവിൽ നിന്നു നീക്കികളഞ്ഞു. വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ചു ക്രൂശിൽ അവരുടെമേൽ ജയോൽസവം കൊണ്ടാടി അവരെ പരസ്യമായി കാഴ്ചയാക്കി. അതുകൊണ്ടു ഭക്ഷണപാനങ്ങൾ സംബന്ധിച്ചോ, പെരുന്നാൾ, വാവ്, ശബ്ബത്ത് എന്നീ കാര്യത്തിലോ ആരും നിങ്ങളെ വിധിക്കരുത്. ഇവ വരുവാനിരുന്നവയുടെ നിഴലത്രെ; ദേഹം എന്നതോ ക്രിസ്തുവിനുള്ളതു താഴ്മയിലും ദൂതന്മാരെ ആരാധിക്കുന്നതിലും രസിച്ചു സ്വന്ത ദർശനങ്ങളിൽ പ്രവേശിക്കയും തന്റെ ജഡ മനസിനാൽ വെറുതെ ചീർക്കയും തലയെ മുറുകെ പിടിക്കാതിരിക്കയും ചെയ്യുന്നവൻ ആരും നിങ്ങളെ വിരുതു തെറ്റിക്കരുത്. തലയായവനിൽ നിന്നല്ലോ ശരീരം മുഴുവൻ സന്ധികളാലും ഞരമ്പു

കളാലും ചൈതന്യം ലഭിച്ചും ഏകീഭവിച്ചും ദൈവികമായ വളർച്ച പ്രാപിക്കുന്നു .(കൊലൊസ്യർ 2:814)

ക്രിസ്തു ക്രൂശിൽ മരിക്കുന്നതുവരെയായിരുന്നു പഴയ നിയമത്തിന്റെ പ്രസക്തി. ആ നിയമത്തിന്റെ പ്രസക്തി. ആ നിയ മത്തിലെ കൽപനകൾ അനുസരിച്ചു ഇന്നു നമുക്കു ദൈവത്തെ പ്രസാദിപ്പിക്കാവുന്നതല്ല. (ഗലാത്യർ 5: 2–4:ഗലാത്യർ 1:13–14) നാം ഇന്നു ക്രിസ്തുവിന്റെ നിയമത്തിൻ കീഴിലാകുന്നു. അതായതു പുതിയ നിയമ കാലമാണ് ഇന്നു. നാം അതിലെ പ്രമാണങ്ങൾ ആണ് പാലിക്കേണ്ടുത (ഗലാത്യർ 6:2)

ഓരോ സഭകളും ഇന്നു രക്ഷിക്കപ്പെടുവാൻ എന്നതു ചെയ്യണമെന്നു പഠിപ്പിക്കുന്നു എന്നു കേൾക്കുമ്പോഴാണ് ബൈബിളിലെ വിഭജനത്തിനു പ്രാധാന്യമേറുന്നതു. ഉദാഹരണ മായി, ഒരാളുടെ രക്ഷക്കു അയാൾ ലൂക്കൊസിന്റെ സുവിശേഷം പതിനെട്ടാം അദ്ധ്യായം ഒമ്പതു മുതൽ പതിനേഴുവരെയുള്ള വാക്യങ്ങളിൽ കാണുന്ന പ്രാർത്ഥന പ്രാർത്ഥിച്ചാൽ മതി എന്നു പറഞ്ഞാൽ അതു സത്യമാണെന്നു നിങ്ങൾ സമ്മതിക്കുമോ? അല്ലെങ്കിൽ, ക്രൂശിലെ കള്ളൻ രക്ഷ പ്രാപിച്ചതുപോലെ നിങ്ങൾക്കു രക്ഷ പ്രാപിക്കാമെന്നു ഒരാൾ പറയുകയാണെങ്കിൽ അതിനു നിങ്ങൾ എന്തു മറുപടി പറയും?

ഒരാൾ പ്രാർത്ഥിച്ചതായി ലൂക്കോസ് വിവരിച്ചിട്ടുണ്ട് എന്നതു ശരിയാണ്. പക്ഷെ ആ വാക്യം എടുത്തുകൊണ്ടു ഇന്നും എല്ലവാർക്കും അതുപോലെ പാപക്ഷമാപണം കിട്ടും എന്നു പറയുന്നതു സത്യവിരുദ്ധമാകും. അവർ ദൈവവചനത്തെ ശരിയായി വിഭജിക്കുന്നില്ല. ലൂക്കൊസിന്റെ സുവിശേഷത്തിൽ പ്രാർത്ഥിച്ച മനുഷ്യൻ ഒരു ചുങ്കക്കാരനായിരുന്നു. അവൻ പഴയ നിയമത്തിൻ കീഴിൽ ജീവിച്ചിരുന്നവനായിരുന്നു. ക്രിസ്തുവിന്റെ മരണത്തിനു മുമ്പ് ഒരു പക്ഷെ അവൻ മരിച്ചിരിക്കാം. ക്രിസ്തു വിന്റെ മരണത്തിനുശേഷമാണല്ലോ പുതിയ നിയമം പ്രാബല്യ ത്തിൽ വന്നതു. അവൻ ക്രിസ്ത്യാനിയായി തീരുവാനല്ല ശ്രമി

ച്ചതു. അന്നു ക്രിസ്ത്യനിത്വം ഇല്ലായിരുന്നു. ക്രിസ്തുവിന്റെ രക്തത്താൽ അവന്റെ പാപങ്ങൾ കഴുകപ്പെടുവാൻ അവൻ ശ്രമിച്ചില്ല. കാരണം ക്രിസ്തുവിന്റെ മരണത്തിനു മുമ്പുള്ള സംഭവമായിരുന്നു അത്. പഴയ നിയമം നിലവിലുണ്ടായിരുന്ന സമയത്തു പുതിയ നിയമം അനുസരിക്കേണ്ട ആവശ്യമില്ലാത്തതുപോലെ പുതിയ നിയമം നിലവിൽ വന്നശേഷം പഴയതും പ്രമാണിക്കേണ്ടതില്ല. സ്നാനം കൂടാതെ രക്ഷിക്കപ്പെടാമെന്നതിനുള്ള ന്യായീകരണത്തിനായി പലരും ക്രൂശിലെ കള്ളനെ എടുത്തു കാണിക്കാറുണ്ട്. ക്രൂശിലെ കള്ളൻ സ്നാനം കൂടാതെ രക്ഷിക്കപ്പെട്ടുവെങ്കിൽ നമുക്കും അങ്ങനെ രക്ഷപ്പെടാം എന്നു പറയുന്നവരാണവർ അതു ശരിയല്ല.

★

# ശരിയുടെയും തെറ്റിന്റെയും നിലവാരം

**മേൽ ഫൂട്ടറൽ**

ശരിയും തെറ്റും ഇന്നു ലോകത്തിൽ കൂടി കുഴഞ്ഞു കിടക്കുകയാണല്ലോ. അതിന്റെ കാരണം മനുഷ്യന്റെ അനുസരണക്കേടു തന്നെ അടിസ്ഥാനപരമായ ചില തത്വം ഈ കാര്യത്തിൽ ആളുകൾ മറക്കുന്നുണ്ട്. ഏതാണ് ശരി ഏതാണ് തെറ്റ് എന്നു വിലയിരുത്താനുള്ള പ്രാഥമികമായ അറിവ് എല്ലാവർക്കും വേണം. വിശുദ്ധവും നേരും ഉള്ള ദൈവഹിതത്തെ നമുക്കു ശരിയെന്നു ഉറപ്പിക്കാം. ശരിയുടെ ഉറവിടം ദൈവം ആണ്. ദൈവ സന്നിധിയിൽ സ്വീകാര്യമായവയാണ് ശരിയായതു. ശരിക്കുള്ള നിലവാരം ദൈവിക അരുളപ്പാടാണ്. സ്വാഭാവികമായും അതു വാസ്തവമാണെന്നു അനുഭവത്തിലൂടെ നമുക്കു തിരിച്ചറിയാം. ഇന്നു ലോകത്തിൽ കാണുന്ന ആളുകളുടെ നിലവാരം നോക്കിയാൽ വിഭിന്നവും വികലവുമാണ് എന്നു പറയാതെ വയ്യ.

ഓരോരുത്തർക്കു തോന്നുന്നതു അവനവു ശരി എന്ന നിലവാരമാണ് ഭൂരിഭാഗവും സ്വീകരിച്ചിരിക്കുന്നതു. ആളുകൾ തമ്മിൽ തമ്മിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനു ഇതു കാരണമായി തീരുന്നു.

മുമ്പ് ആളുകളുടെ ജീവിതം ഒരു നിലവാരം പുലർത്തുന്നതായിരുന്നു. പക്ഷെ ഇന്നത്തെ സ്ഥിതി എന്താണ്? പുരോഗമന സംസ്ക്കാരത്തിന്റേയും ആധുനിക ജീവിതത്തിന്റേയും പേരിൽ മൊത്തത്തിൽ കാണുന്നതു വില കുറഞ്ഞ നിലവാരമാണ്. ഒരാളുടെ നിലവാരമോ മൂല്യമോ വ്യവസ്ഥയൊ മറ്റൊരാളെ അടിച്ചേൽപ്പിക്കാവുന്നതല്ല. ഇന്നു സമുഹത്തിലുണ്ടായ മാറ്റത്തിനു നാം തന്നെയാണ് ഉത്തരവാദികൾ. ഏതു വിഷയമെടുത്താലും അതിന്റെ ആധികാരികത കണ്ടെത്തണം. ഒരു കാര്യം തീർത്തും ശരിയാണെന്നും അല്ലെങ്കിൽ അതു തീർത്തും തെറ്റാണെന്നും പറയാൻ കഴിയുന്ന ഒരു നിലവാരമാണ് ദൈവം രൂപപ്പെടുത്തിയിട്ടുള്ളത്. ഇതിനു രണ്ടിനും മദ്ധ്യേ ഒന്നില്ല എന്നു നാം ഓർക്കണം. വിശ്വസനീയമായ നിലവാരം ദൈവത്തിന്റേതാണ്. മാനുഷിക നിലവാരം കുറ്റമറ്റതല്ല. അതുകൊണ്ടു അതിൽ ആശ്രയിക്കരുത് (യോഹന്നാൽ 17:17: 12:48; 8:32; 1'13) സത്യം ദൈവത്തിന്റെ വചനമാണ്. മനുഷ്യരുടെ ഉപദേശങ്ങൾ അസത്യങ്ങളാണ്. അതുതെളിയിക്കപ്പെട്ടതാണ്. ഏതു ധാർമ്മികവും മതപരവുമായ ചോദ്യങ്ങൾക്കു ഉചിതമായ മറുപടി തിരുവെഴുത്തിൽ ഉണ്ട്. മനുഷ്യർ എത്ര തന്നെ മാറിയാലും ദൈവത്തിന്റെ നിലവാരം ഒരിക്കലും മാറുന്നില്ല. അതു സ്ഥിരമായി നിൽക്കുന്നു. കർത്താവിന്റെ സഭയ്ക്കകത്തായാലും പുറത്തായാലും ഒരു പ്രത്യേകത കാണപ്പെടുന്നുണ്ട്. പണ്ടു ശരിയായി കരുതിയിരുന്ന ചിലത് ഇന്നു തെറ്റായും പണ്ടു തെറ്റായി കരുതിയിരുന്നതു ഇന്നു ശരിയായും അറിയപ്പെടുന്നു. ഈ വിരോധാഭാസത്തിനു കാരണമെന്താണ്? വേദ പുസ്തകനിലവാരത്തെ മാത്രം ആശ്രയിക്കുന്നവരിൽ ഏക നിലവാരം എന്നും കാണപ്പെടേണ്ടതാണ്. പുതിയ നിയമ മാതൃക നമ്മെ പഠിപ്പിക്കുന്നതു അതാണ്. സ്വഭാ

വഗുണങ്ങൾ എന്നും ഒരേ നിലവാരമുള്ളതാണ്. യെശയ്യാ പ്രവാചകന്റെ കാലത്തു ഇസ്രായേൽ എങ്ങനെയായിരുന്നു എന്നു വെളിപ്പെടുത്തിയിട്ടുണ്ട്. അവരിൽ ചിലർ തിന്മെക്കു നന്മ എന്നു പറകയും നന്മെക്കു തിന്മ എന്നു പറകയും ചെയ്തിരുന്നു. ഇരുട്ടിനെ വെളിച്ചമാക്കുകയും വെളിച്ചത്തെ ഇരുട്ടാക്കുകയും മധുരത്തെ കയ്പും കയ്പിനെ മധുരമാക്കുകയും ചെയ്യുന്നവർക്കു അയ്യോ കഷ്ടം (യെശയ്യാവ് 5:20) പ്രിയരെ, നമുക്കു നിലവാരമുണ്ടെന്നു നാം പറയുന്നുവെങ്കിൽ നമുക്കു ശരിയായ നിലവാരമുണ്ടോ എന്നു നാം പരിശോധിക്കണം. സത്യത്തിനു അനുരൂപമായ ജീവിത നിലവാരമായിരിക്കണം നാം അനുവർത്തിക്കേണ്ടതു.

നമ്മുടെ പൂർവ്വ പിതാക്കന്മാരുടെ ജീവിതം നോക്കണം. അവർ പിൻപറ്റിയ നിലവാരം എന്തായിരുന്നു ? അവരുടെ വിശ്വാസവും ജീവിത രീതിയും ബൈബിളിൽ വ്യക്തമാക്കിയിട്ടുണ്ട്. അവ നിങ്ങളെ എപ്പോഴെങ്കിലും പ്രചോദിപ്പിച്ചിട്ടുണ്ടോ? എബ്രായ ലേഖനത്തിൽ പിതാക്കന്മാരുടെ വിശ്വാസവും അന്ത്യവും ഒരു പ്രത്യേക കാര്യത്തെ ധൈര്യപ്പെടുത്തുന്നു. അവർ എല്ലാവരും ഏറ്റവും നല്ലതി നെ കാംക്ഷിച്ചിരുന്നു. അതായതു സ്വർഗ്ഗീയമായതിനെ തന്നെ. ലക്ഷ്യബോധമുള്ള ഏതൊരു ജിവിതത്തിനും ഒരു ശരിയായ നിലവാരം ഉണ്ടാകും. തെറ്റായ നിലവാരം ലക്ഷ്യസ്ഥാനത്തെയും തെറ്റിക്കും. നൽകപ്പെട്ട നിലവാരത്തെ മാറ്റിയവർ എന്തുകൊണ്ടു മാറ്റി എന്നു ചിന്തിക്കണം. അതിനാൽ അവർക്കു ഭവിക്കുന്ന ഫലത്തെയും തിരിച്ചറിയണം. ദൈവാധികാരത്തിൽ ഒതുങ്ങി ജീവിക്കാൻ ആഗ്രഹിക്കുന്നവർ ദൈവത്തിന്റെ സത്യനിലവാരത്തെ മുറുകെ പിടിക്കും. അല്ലാത്തവൻ തെറ്റായ നിലവാരത്തെ പിൻപറ്റും. ബൈബിളിൽ വർജ്ജിക്കാൻ പറഞ്ഞിരിക്കുന്നത് എക്കാലവും വർജ്ജിക്കണം. പണ്ടു തെറ്റാണെന്നു പ്രസംഗിച്ചിരുന്ന വിഷയങ്ങൾ ഇന്നു തെറ്റു തന്നെയാണ്. പുതിയ നിയമ കാലയളവിൽ മദ്യപാനവും ദുർന്നടപ്പും മോശമായ വസ്ത്രധാരണവും നൃത്തവും എല്ലാം നിഷിദ്ധമാ

യിരുന്നു. ഇന്നും അതു തെറ്റാണെന്നു പറയാനുള്ള ധൈര്യമാണ് വേണ്ടതു. ധാർമ്മികമായ നിലവാരത്തിനു ദൈവ മനസിൽ മാറ്റമില്ല. മനുഷ്യരുടെ മനസിലും ജിവിതത്തിലുമാണ് മാറ്റം സംഭവിച്ചിട്ടുള്ളത്. സ്വവർഗ്ഗസംഭോഗവും ഗർഭഛിദ്രവും ദൈവിക നിലവാരത്തിനെതിരാണെന്നു നാം പ്രബോധിപ്പിച്ചില്ലെങ്കിൽ അതു ദൂരവ്യാപകമായ അപകടം വരുത്തിതീർക്കും. ദൈവത്തിനു വെറുപ്പ് ഉളവാകുകന്ന കാര്യങ്ങൾ എന്തിനു ചെയ്യണം? നിരപരാധിയുടെ രക്തം ചൊരിയിക്കൽ, വ്യാജം, വഴക്ക് എന്നിവ ദൈവത്തിനു അറെപ്പ് ഉളവാക്കുന്നതാണ്. ( സദൃശവാക്യങ്ങൾ 6:16-17)

നമ്മുടെ ജീവിത ശൈലി ലോകത്തിനു അനുരൂപമാകരുത്. നീതിയും അനീതിയും വേർതിരിച്ച് കാണേണ്ടതു ദൈവ വചനാടിസ്ഥാനത്തിലായിരിക്കണം. അനീതി പ്രവർത്തിക്കുന്നവർ ദൈവ രാജ്യത്തിൽ പ്രവേശിക്കയില്ല. അനീതി കൊണ്ടു സത്യത്തെ തടുക്കുന്നവർ ദൈവകോപത്തിനിരയാകും. വിശുദ്ധനായ ദൈവത്തിന്റെ സന്നിധിയിൽ നേരുള്ളവരായി കാണണമെങ്കിൽ നാം അവന്റെ വിശുദ്ധവഴി പിൻപറ്റണം. ദൈവാത്മാവിനാൽ പ്രചോദിതരായ എഴുത്തുകാർനൽകിയിരിക്കുന്ന നിർദ്ദേശങ്ങളെ നാം അവഗണിക്കരുത്. നമ്മുടെ വാക്കുകൾ ഉവ്വ്, ഉവ്വ് എന്നും ഇല്ല ഇല്ല എന്നും ആയിരിക്കണം. ഉറപ്പുള്ള ആത്മീയ നിലവാരം സൂക്ഷിക്കേണ്ടവരാണ്. കർത്താവിന്റെ സഭയിൽ ഉള്ളവർ. ഉപദേശപരമായ പല കാര്യങ്ങളും ഗൗരവമായി എടുക്കാതിരിക്കുന്നവർ ഉണ്ട്. ദൈവ വചനത്തിൽ ഒതുങ്ങിനിൽക്കാൻ അവർ തയ്യാറാകുന്നില്ല. ഉദാഹരണമായി പാട്ടു പാടുമ്പോൾ അതെങ്ങനെയായീരിക്കണമെന്നു തിരുവെഴുത്ത് പഠിപ്പിക്കുന്നുണ്ട്. (എഫെസ്യർ 5:19; കൊലൊസ്യർ 3:16) എന്നാൽ ആരാധനയുടെ ഭാഗമായി പാട്ടു പാടുമ്പോൾ ഉപകരണങ്ങൾ ഉപയോഗിക്കാൻ താൽപര്യപ്പെടുന്നു. നമ്മുടെ മനോഗതിയനുസരിച്ച് ദൈവത്തെ പ്രസാദിപ്പിക്കാൻ ശ്രമിക്കുന്നത് ദൈവം അംഗീകരിക്കണമെന്നില്ലല്ലോ. ഹൃദയത്തിൽ നിന്നു

ഏകാഗ്രതയോടെ വരുന്ന പുകഴ്ച്ചയാണ് ദൈവം ഇച്ഛിക്കുന്നത്.

സത്യത്തിൽ നിന്നു നാം ഒരിക്കലും വ്യതിചലിക്കരുത് എന്ന് ദൈവം നമ്മെ മുന്നറിയിച്ചിട്ടുണ്ട്. പക്ഷെ മനുഷ്യർക്ക് ദൈവത്തിന്റെ അരുളപ്പാടുകൾ അങ്ങനെ തന്നെ എടുക്കുന്ന തിലാകണം നാം തൃപ്തിപ്പെടേണ്ടത്. പഴയ നിയമ കാലത്താ യാലും, പുതിയ നിയമകാലത്തായാലും സത്യത്തിനു കീഴ്പ്പെ ടുകയാണ് എല്ലാവരുടേയും ധർമ്മം. കാരണം നമുക്ക് ശുദ്ധീ കരണം ലഭിക്കുന്നത് ദൈവ വചനമായ സത്യത്താലാണ് എന്ന കാര്യം നാം വിസ്മരിക്കരുത്. ദൈവം കർശനമായ നിലപാട് എടുക്കുന്നവനാണ്.

★

# ഇന്നു സാക്ഷികൾ ഉണ്ടോ?

**ഗാരി ഫോളെ**

ഇന്നു പലരും ക്രിസ്തുവിന്റെ സാക്ഷികൾ, യഹോവയുടെ സാക്ഷികൾ എന്നെല്ലാം പറഞ്ഞുകൊണ്ടു നടക്കുന്നതായി കാണാം. എന്താണിതിന്റെ അർത്ഥം? വാസ്തവത്തിൽ സാക്ഷികൾ എന്നു പറ ഞ്ഞാലെന്താണ്? ഇരുപത്തിഒന്നാം നൂറ്റാണ്ടിലേക്കു പ്രവേശിച്ചിരി ക്കുന്ന ഈ കാലയളവിലും ഇത്തരം അവകാശവാദങ്ങൾ ഉന്നയി ക്കുന്ന തു ശരിയോ? ദൈവ വചനത്തിൽ എന്താണ് ഇതിനെ കുറിച്ച് പറഞ്ഞിരിക്കുന്നതു എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. എങ്കിലേ അതു അന്വർത്ഥമാകയുള്ളൂ. കണ്ടതായ കാര്യങ്ങളെ തെളിവിനായി വെളിപ്പെടുത്തുന്നതിനെയാണ് സാക്ഷി എന്നു പറയുന്നതു. ഒരു സംഭവം നേരിൽ കണ്ടതായിട്ടുണ്ടെങ്കിൽ അതു വിവരിച്ചു കൊടു ക്കണം. യഥാർത്ഥത്തിൽ സംഭവിച്ച കാര്യം വിശദീകരിച്ചു കൊടു ക്കുമ്പോൾ അതു സത്യമായി വിശ്വസിക്കപ്പെടും. ശരിയായ അറി വിനു മാത്രമെ സ്ഥിരീകരണമുള്ളു. സത്യത്തിൽ നടന്നതെങ്ങനെ എന്നു മറ്റുള്ളവർക്കു തെളിയിക്കുന്നതാണ് സാക്ഷി വിവരണം. എന്നാൽ ദൈവികമായ സാക്ഷികൾ ആരെല്ലാമായിരുന്നു എന്നു നാം മനസിലാക്കണം, പഴയ നിയമത്തിൽ ദൈവത്തോടു കൂടെ

ആയിരുന്ന പുർവ്വ പിതാക്കന്മാർ ആ തലമുറക്കും പിൻ തലമുറക്കും സാക്ഷികൾ ആയിരുന്നു. യഹൂദന്മാർ എന്ന ഒരു ദേശക്കാരെ ദൈവം തിരഞ്ഞെടുത്തു കഴിഞ്ഞപ്പോൾ മറ്റുള്ള ദേശക്കാർക്കും ജാതിക്കാർക്കും അവർ സാക്ഷികൾ ആകണമായിരുന്നു. കാരണം അവർ ദൈവത്തിന്റെ അത്ഭുത പ്രവർത്തികൾ അനവധി നേരിട്ടു കണ്ടവരാണ്. ദൈവത്തെ അറിയാതെ ജീവിക്കുന്ന മറ്റുള്ളവർക്കു ഇവർ അതു സാക്ഷ്പ്പെടുത്തണമായിരുന്നു. ദൈവം അവരോടു അതാവശ്യപ്പെടുകയും ചെയ്തിരുന്നു. കാരണം അവർദൈവത്തിന്റെ അത്ഭുത പ്രവർത്തികൾ അനവധി നേരിട്ടു കണ്ടവരാണ്. ദൈവത്തെ അറിയാതെ ജീവിക്കുന്ന മറ്റുള്ളവർക്കു ഇവർ അതു സാക്ഷ്യപ്പെടുത്തണമായിരുന്നു ദൈവം അവരോടു അതാവശ്യപ്പെടുകയും ചെയ്തിരുന്നു.

പുതിയ നിയമത്തിലേക്കു നാം ശ്രദ്ധ തിരിക്കുമ്പോൾ അപ്പൊസ്തലന്മന്മാരെ കാണുന്നുണ്ട്. അവരോടു ലോകത്തിൽ എങ്ങും പോയി എന്റെ സാക്ഷികൾ ആകുവിൻ എന്നു പറയുന്നുണ്ട്. കാരണം അവർ യേശുവിന്റെ ഈ ലോക ജീവിത കാലയളവിൽ അവനോടൊപ്പം ആയിരുന്നു. അവൻ സംസാരിച്ച ഉപദേശം നേരിട്ടു കേൾക്കയും അവൻ ചെയ്ത അത്ഭുതങ്ങളും പ്രവർത്തികളും നേരിൽ കാണുകയും ചെയ്തു. അവർ അതിനു ദൃക്സാക്ഷികൾ ആയിരുന്നു. അവർ അങ്ങനെ യേരുശലേം, യെഹൂദാ, ശമര്യ തുടങ്ങി ലോകത്തിന്റെ അറ്റത്തോളം അവന്റെ സാക്ഷികൾ ആകയും ചെയ്തു. (പ്രവൃത്തി 1: 8) ദൈവത്മാവ് അവരെ അതിന്നായി നിയോഗിച്ചു. യേശുക്രിസ്തുവിന്റെ നാമത്തിൽ അശേഷം സംസാരിക്കരുത് എന്നു അന്നത്തെ മഹാപുരോഹിതന്മാർ അവരോടു അമർച്ചയായി കൽപ്പിച്ചു എങ്കിലും അവർ അതിനു മറുപടിയായി പറഞ്ഞതു ഞങ്ങൾ കണ്ടതും കേട്ടതും പ്രസ്താവിക്കാതിരിപ്പാൻ സാദ്ധ്യമല്ല എന്നായിരുന്നു അവരുടെ മറുപടി.. കാരണം അവർ ആത്മാർത്ഥതയുള്ളവരായിരുന്നു. യേശുക്രിസ്തുവിന്റെ അപ്പൊസ്തലനായിരുന്ന യോഹന്നാൻ പറഞ്ഞിരിക്കുന്നതു ആദിമുതലുള്ളതും ഞങ്ങൾ കേട്ടതും സ്വന്ത കണ്ണുകൊണ്ടു കണ്ടതും ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈ തൊട്ടതും ആയ ജീവന്റെ വചനം സംബന്ധിച്ചു ജിവന്റെ വചനം പ്രത്യക്ഷമായി ഞങ്ങൾ കണ്ടു സാക്ഷീകരിക്കയും പിതാവിനോടു കൂടെയിരുന്നു ഞങ്ങൾക്കു പ്രത്യക്ഷമായ നിത്യജീ

വനെ നിങ്ങളോടു അറിയിക്കയും ചെയ്യുന്നു. ഞങ്ങൾ കണ്ടും കേട്ടും ഉള്ളതു നിങ്ങൾക്കു ഞങ്ങളോടു കൂട്ടായ്മ ഉണ്ടാകേണ്ടതിനു നിങ്ങളോടു, അിറയിക്കുന്നു. ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു. ( 1 യോഹന്നാൻ 1:1-3)

അപ്പൊസ്തലനായിരുന്ന പത്രോസും ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്. യെഹൂദ്യ ദേശത്തിലും യെരുശലേമിലും അവൻ ചെയ്ത സകലത്തിനും ഞങ്ങൾ സാക്ഷികൾ ആകുന്നു. അവനെ അവർ മരത്തിന്മേൽ തൂക്കികൊന്നു. ദൈവം അവനെ മൂന്നാം നാൾ ഉയിർന്നെഴുന്നേൽപ്പിച്ചു. സകല ജനത്തിനുമല്ല, ദൈവം മുമ്പുകൂട്ടി നിയമിച്ച സാക്ഷികളായി, അവൻ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റ് ശേഷം അവനോടുകൂടെ തിന്നുകുടിച്ചവരായ ഞങ്ങൾക്കു തന്നേ പ്രത്യക്ഷനാക്കി തന്നു. (പ്രവൃത്തി 10. 39-41) തന്നെത്താൻ കെട്ടി തൂങ്ങി മരിച്ച യൂദായ്ക്കു പകരം മറ്റൊരാളെ തിരഞ്ഞെടുക്കേണ്ട ആവശ്യകതയെ ബോധ്യപ്പെടുത്തി വിവരിച്ചിരിക്കുന്നുണ്ട്. ആകയാൽ കർത്താവായ യേശു യോഹന്നാന്റെ സ്നാനം മുതൽ നമ്മെ വിട്ടു ആരോഹണം ചെയ്ത നാൾ വരെ നമ്മുടെ ഇടയിൽ സഞ്ചരിച്ചു പോന്ന കാലത്തല്ലാം ഞങ്ങളോടു കൂടെ നടന്ന പുരുഷന്മാരിൽ ഒരുത്തൻ ഞങ്ങളോടു കൂടെ അവന്റെ പുനരുത്ഥാനത്തിനു സാക്ഷിയായി തീരേണം, അങ്ങനെ അവർ യുസ്തോസ് എന്നു മറുപേരുള്ള ബർശബ എന്ന യോസേഫ്, മത്ഥിയാസ് എന്നീ രണ്ടു പേരെ നിർത്തി പ്രാർത്ഥിച്ചു അവരിൽ ആരെ തിരഞ്ഞെടുക്കേണ്ടു എന്നറിയുവാൻ ചീട്ടിട്ടു, ചീട്ടു മത്ഥിയാസിനു വീണു. അങ്ങനെ അവനെ അവരിൽ ഒരുവനായി എണ്ണപ്പെട്ടു. അവനും ക്രിസ്തുവിന്റെ സാക്ഷിയായി അറിയപ്പെട്ടിരുന്നു.

ഇന്നു ക്രിസ്തുവിന്റെ ശിഷ്യന്മാരായി തീരുന്നവരോടു ലോകത്തിൽ എല്ലായിടത്തും പോയി എന്റെ സാക്ഷികൾ ആകുവിൻ എന്നല്ല, ലോകത്തിൽ എല്ലായിടത്തും പോയി സുവിശേഷം പ്രസംഗിപ്പിൻ എന്നാണ് കല്പിച്ചിരിക്കുന്നതു (മർക്കൊസ് 16:15-16; മത്തായി 28:18-20). ദൈവത്തിന്റെ അരുളപ്പാടുകൾ അറിയിക്കുവാനുള്ള താഴ്മയും വിനയവുമാണ് നമുക്കു വേണ്ടതു. ക്രിസ്തുവിന്റെ വചനം അറിയിക്കുവാൻ നാം ലജ്ജിക്കരുത്. ക്രിസ്തുവിന്റെ സാക്ഷ്യത്തെ

യാണ് നാം പ്രസ്താവിക്കേണ്ടതു (2 തിമൊഥെയൊസ് 1:8). പിതാവിനെയും സത്യത്തെയും സാക്ഷീകരിച്ചിരിക്കുന്ന കർത്താവിന്റെ വചനം സത്യമാണ്. അതു വിശ്വാസയോഗ്യവുമാണ്. ക്രിസ്തുവിന്റെ ഉപദേശമാണ് മനുഷ്യർ കേൾക്കേണ്ടതും അനുസരിക്കേണ്ടതും. അന്ത്യകാലത്തെ ദൈവിക സന്ദേശം അതാണ്. ക്രിസ്തുവിന്റെ ഉപദേശത്തിൽനിന്നും അതിർ കടന്നു പോകുന്ന ഒരുത്തനും ദൈവം ഇല്ല എന്നു ദൈവ വചനം സാക്ഷ്യപ്പെടുത്തുന്നു (2 യോഹ 10). അവസാനം ദൈവം എല്ലാവർക്കും ന്യായവിധി വച്ചിരിക്കുന്നു. ന്യായവിധി വചനപ്രകാരമാണ് എന്നത് വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ന്യായവിധിയിൽ നിന്നും ഒഴിഞ്ഞു മാറുവാൻ ആർക്കും സാധ്യമല്ല. ന്യായവിധി നടത്തുവാൻ പിതാവ് യേശുക്രിസ്തുവിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് ക്രിസ്തുവിനെയും അവന്റെ സുവിശേഷത്തെയും നാം അനുസരിക്കാതിരിക്കരുത്. ദൈവത്തെ അറിയാത്തവർക്കും സുവിശേഷം അനുസരിക്കാത്തവർക്കും ദൈവം പ്രതികാരം ചെയ്യും എന്നു സ്പഷ്ടമാക്കിയിരിക്കുന്നു.

ഈ ലോകം നമുക്ക് ശാശ്വതമല്ല, നമ്മുടെ പൗരത്വം സ്വർഗത്തിലാണ്. സ്വർഗത്തിലെത്തുക എന്ന ഏക ലക്ഷ്യമായിരിക്കണം ഓരോരുത്തർക്കും വേണ്ടത്. ദൈവ കൃപയാൽ വിശ്വാസത്താലാണ് നാം രക്ഷിക്കപ്പെടുന്നത്. എത്ര സൽപ്രവൃത്തികൾ ചെയ്താലും അത് സുവിശേഷം അനുസരിക്കുന്നതിനു പകരം ആകുകയില്ല. ദൈവ വാഗ്ദാനങ്ങളും അവന്റെ കൽപനകളും മനുഷ്യരുടെ വിശ്വാസ സ്ഥിരീകരണത്തിനായി നൽകപ്പെട്ടിരിക്കുന്നു എന്ന കാര്യം നാം മറക്കരുത്. ആത്മിക കാര്യങ്ങളിലാണ് നാം ശ്രദ്ധിക്കേണ്ടത്, ഭൗതിക കാര്യങ്ങൾ ദൈവത്തിനു മുഖ്യമല്ല.നിങ്ങൾ കർത്താവിന്റെ വചനത്തിലുള്ള രക്ഷാമാർഗ്ഗം സ്വീകരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ സ്വീകരിക്കുക. കാരണം നാളെ അതിനു സാധിച്ചില്ലെങ്കിൽ അതു തീരാനഷ്ടമാകും. വചനത്തെ വിശ്വസിച്ച് അനുസരിച്ചാൽ നിങ്ങൾ കർത്താവിന്റെ ശിഷ്യന്മാരാകും. അങ്ങനെ അവന്റെ സത്യമാർഗ്ഗത്തെ മറ്റുള്ളവരോടു അറിയിക്കുവാൻ സാധിക്കും. ദൈവ വചനം പൂർണ്ണമായി വെളിപ്പെടുത്തിയിരിക്കുന്നതു വായിച്ച് മനസിലാക്കി അതിൻ പ്രകാരം ജീവിക്കുകയും വേണം. അതാണ് ദൈവേഷ്ടം. നിങ്ങൾ അതിനു തയ്യാറാകും എന്നാണ് ഞങ്ങളുടെ പ്രതീക്ഷ.

# സത്യത്തിന്റെ സത്ത

**ബെറ്റി ബർട്ടൻ ചോട്ട്**

"നിയമം" - ഭരണഘടന അഥവാ തത്വങ്ങൾ ആയി കണക്കാക്കാം അല്ലെങ്കിൽ സ്ഥാപിക്കപ്പെട്ട സംസ്കാരമാകാം. എന്നാൽ "സത്യം" ഒരു യോഗ്യത അല്ലെങ്കിൽ അവസ്ഥ മാറാതിരിക്കുന്നതാണ്. നിയമം മാനുഷികവും ദൈവികവുമായി തരംതിരിക്കാം. അതു പോലെയല്ല സത്യം. സത്യം ദൈവവും ദൈവം സത്യവുമാണെന്ന് ആരോ പറഞ്ഞിട്ടുണ്ട്. മനുഷ്യരിൽ പ്രമാണിമാർ നല്കി എന്നതുകൊണ്ടോ അല്ലെങ്കിൽ വിദ്യാഭ്യാസം ഉള്ളവർ നല്കി എന്നതിനാലോ അതു സത്യമാകണമെന്നില്ല. അങ്ങനെ സ്ഥാപിക്കാൻ ശ്രമിച്ചേക്കാം. മനുഷ്യർ സമ്മതിച്ചാലും ഇല്ലെങ്കിലും ചില അടിസ്ഥാന തത്വങ്ങൾ സ്ഥിരമായിരിക്കുന്നു.

മനുഷ്യരുടെ ഇന്നത്തെ അവസ്ഥയിൽ കടന്നുകൂടിയിട്ടുള്ള ചിന്ത പറഞ്ഞു കേൾക്കുന്നതു "അതു നിങ്ങളുടെ ക്രിസ്തീയ വിശ്വാസമാണ്, അല്ലെങ്കിൽ നിങ്ങളുടെ വിശ്വാസം ഞങ്ങളിൽ അടിച്ചേല്പിക്കാൻ ശ്രമിക്കരുത്'' എന്നാണ്. ഇത് അവർക്കു യാഥാർത്ഥ്യം അറിയുവാനുള്ള ആഗ്രഹമില്ലായ്മയാണ് സൂചിപ്പിക്കുന്നത്. അനീതികൊണ്ടു സത്യത്തെ തടുക്കുന്ന മനുഷ്യരിൽ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നു വരുന്നു (റോമർ 1:18). അവർ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥമായിത്തീരുന്നു. ദൈവത്തെ നിഷേധിച്ച് ആളുകൾ പാപത്തെ സ്വീകരിക്കുന്നു. അധാർമ്മിക ജീവിതം ഇഷ്ടപ്പെടുന്നവർ ആത്മിക സത്യത്തെ തടുക്കുന്നു. ഒരാൾക്ക് യഥാർത്ഥ ഭാര്യയുള്ളപ്പോൾ മറ്റൊരു സ്ത്രീയോടു കൂടെ ജീവിക്കുവാൻ സത്യത്തെ അയാൾ എതിർക്കുന്നു. തെറ്റ് ചെയ്യുന്നതു കുറ്റമല്ല എന്ന രീതിയിൽ ന്യായീകരിക്കുന്നവർ അവർക്കു നേരിടുന്ന മാനസിക സംഘർഷത്തെ അവഗണിക്കയോ മൂടിവെക്കയോ ചെയ്യുന്നു.

മനുഷ്യചരിത്രം നാം പരിശോധിച്ചാൽ ഇത്തരം നിഷേധ

ഭാവത്തോടെ ജീവിച്ചവർ നേരിട്ട ശാരീരികവും മാനസികവുമ വൈകാരികവുമായ അനുഭവങ്ങൾ അവരുടെ ക്രിയാത്മകത നഷ്ടപ്പെടുത്തിയതായി കാണാം. നേരെ മറിച്ച് തെറ്റും ശരിയും മനസ്സിലാക്കി തെറ്റിനെ ഉപേക്ഷിച്ച് ശരിയായതു പ്രവർത്തിച്ചവരുടെ കർമ്മശേഷി വർദ്ധിപ്പിച്ചിരുന്നു എന്നു കാണാം. അവരുടെ മനസ്സും ചിത്തവും നേരുള്ളതായിരുന്നതു കൊണ്ടാണത്. ദൈവിക നിയമം മനുഷ്യരുടെ ഉല്പത്തി മുതൽ നല്കിയിരിക്കുന്നത് നോക്കുക: ഇവ സത്യമാണെങ്കിലും അനവധി ആളുകൾ അവ പൂർണ്ണമായും സത്യമാണെന്നു വിശ്വസിച്ചിട്ടില്ല. ഉദാഹരണമായി ഭോഷ്ക്ക് അഥവാ നുണ തെറ്റാണെന്നു എല്ലാവർക്കും അറിയാം. ചില ആളുകൾ ആത്മാർത്ഥതയില്ലയ്മയെ അനുവദിച്ചേക്കാം. ഒരു നല്ല കാര്യത്തിനു വേണ്ടി നുണ പറഞ്ഞാലും കുഴപ്പമില്ല എന്നു വാദിക്കുന്നവരും കണ്ടേക്കാം. എന്നാലും നുണ നുണ തന്നെ. അതിന്റെ ഭവിഷത്തും വലുതാണ്. അതിനു അതിന്റേതായ സ്വാഭാവിക ഫലങ്ങളുണ്ട്. ഒരു വീട്ടിൽ ഒരാൾ നുണ പരിശീലിക്കുന്നവനാണെങ്കിൽ ആ വ്യക്തിയെ പൂർണ്ണമായി ആരാണ് വിശ്വസിക്കുക? ഏതെങ്കിലും രാജ്യത്തിലെ ഒരു സമൂഹം ഭോഷ്ക്ക് പറയുന്നവരാണെങ്കിൽ ആ സമൂഹം പുരോഗതി പ്രാപിക്കയില്ല. കാരണം അവർക്ക് മറ്റുള്ളവരുടെ വിശ്വസ്ത സഹായം പ്രതീക്ഷിക്കാൻ സാധ്യമല്ല. ക്രമേണ ഇത് ആർക്കെതിരെ ഉപയോഗിക്കുന്നുവോ അവർക്ക് ഇതു വേദനാജനകമാകുന്നു. സത്യത്തെ ലംഘിക്കുമ്പോൾ അതിന്റെ പ്രത്യാഘാതം ഒരാളിൽ മാത്രം ഒതുങ്ങി നില്ക്കുന്നില്ല. മോഷണം പരമ്പരാഗതമായി തെറ്റു തന്നെയാണ്. ദേശത്തെ നിയമം അതിനെ മോഷണം എന്നു പറഞ്ഞില്ലെങ്കിലും അതു മോഷണം അല്ലാതാവുന്നില്ല. മറ്റൊരാളുടെ എന്തെങ്കിലും അപഹരിക്കുന്നത് തെറ്റു തന്നെയാണ്. കള്ളനെ ക്രമേണ പിടികൂടുകയും ശിക്ഷിക്കുകയും വേണം. അവന്റെ ദാരിദ്ര്യമാണ് അവനെക്കൊണ്ട് അതു ചെയ്യിച്ചതെന്ന ന്യായീകരണം കേൾക്കാം. എങ്കിലും അതു മോഷണം തന്നെയാണ്. സത്യത്തെ ലംഘിക്കുകയാണ് ചെയ്യുന്നത്. തനിക്ക് അർഹതയില്ലാത്തതു അവൻ കവർന്നെടുക്കുന്നു എന്നതാണ് കുറ്റം.

നിരപരാധിയുടെ രക്തം ചൊരിയിക്കുന്നതു തെറ്റാണ്. ഗർഭസ്ഥ ശിശുവിനെ നശിപ്പിക്കുന്നതു തെറ്റാണെന്ന കാര്യം വർഷങ്ങളോളം സമ്മതിച്ചിരുന്നില്ല. അതുകൊണ്ട് അതു തെറ്റല്ലാതാകുന്നില്ല. ഭ്രൂണഹത്യ ചെയ്തിട്ടുള്ള അനേകം മാതാപിതാക്കൾ, ഡോക്ടർമാർ ഉണ്ടായിട്ടുണ്ട്. പല കാരണങ്ങൾ കൊണ്ടാണ് അവർ അത് ചെയ്തിരുന്നത്. ഇന്നു ചില സ്ഥലങ്ങളിൽ സ്കാൻ ചെയ്തു പെൺകുട്ടിയാണെന്നറിഞ്ഞാൽ അതിനെ നശിപ്പിക്കാൻ ധൈര്യപ്പെടുന്നവരുണ്ട്. ആൺകുട്ടി ആണെന്നറിഞ്ഞാൽ അതിനെ നശിപ്പിക്കയുമില്ല. ഇത്തരം ക്രൂരകൃത്യങ്ങൾ വിദ്യാഭ്യാസവും സംസ്കാരവും ഉള്ളവർക്കിടയിലാണ് സംഭവിക്കുന്നത്. നിരപരാധിയായ ശിശുഹത്യകൾ ആരെല്ലാം എന്തിനുവേണ്ടി എല്ലാം ചെയ്താലും അതു തെറ്റുതന്നെയാണ്. കുറ്റബോധത്തിൽ നിന്നും നഷ്ടബോധത്തിൽ നിന്നും ആ കുടുംബങ്ങൾക്കു കരകയറാൻ കഴിഞ്ഞിട്ടില്ല എന്നതു പരമാർത്ഥമാണ്. കാരണം സ്പഷ്ടം, സത്യത്തെ ലംഘിക്കുന്നതു കൊണ്ടാണ്.

കുടുംബത്തെ വേർപിരിക്കുന്നത് തെറ്റാണ്. ദൈവം ഉപേക്ഷിക്കാൻ അനുവദിക്കാതിരിക്കുന്നത് വിവാഹം കഴിഞ്ഞാൽ ഭാര്യാഭർത്താക്കന്മാർ ഒരുമിച്ചു ജീവിക്കണം എന്നതുകൊണ്ടാണ്. ഭർത്താവ് ജീവനോടെയിരിക്കുമ്പോൾ ഭാര്യ വേറെ പുരുഷന് ആയാൽ അതു വ്യഭിചാരമായിത്തീരും. ഭാര്യ ജീവനോടെയിരിക്കുമ്പോൾ ഭർത്താവ് മറ്റൊരു സ്ത്രീയെ സ്വീകരിച്ചാലും അത് വ്യഭിചാരമാകും. തന്നെയുമല്ല ഉടനെ അവർ ധാരാളം പ്രശ്നങ്ങൾ നേരിടും.

ലൈംഗികത അധാർമ്മികത പരിശീലിക്കുന്നതു തെറ്റു തന്നെയാണ്. ദൈവം ആരംഭത്തിൽ തന്നെ ഒരു സത്യം വെളിപ്പെടുത്തിയിരിക്കുന്നു. ഒരു പുരുഷന് ഒരു സ്ത്രീ. മനുഷ്യർക്ക് ഇതനുസരിച്ച് അനുഗ്രഹീത കുടുംബജീവിതം നയിക്കാം. പക്ഷെ ആളുകൾ ഒന്നിലധികം പേരെ വേണമെന്ന് ആഗ്രഹിച്ചാൽ എന്തു ചെയ്യും? ദൈവനിയമത്തെ ലംഘിച്ചാൽ ഫലം കഷ്ടതയും ദുരിതവും തന്നെ. ജനനേന്ദ്രിയ രോഗങ്ങൾ അധികവും പിടിപെടുന്നത് വിവാഹേതര ലൈംഗികബന്ധം പുലർത്തുന്നവരിലാണ്

അല്ലെങ്കിൽ എയ്ഡ്സ് രോഗം വരുവാനുള്ള കാരണവും മറ്റൊന്നല്ല. വിവാഹം കഴിഞ്ഞ് ഭർത്താക്കന്മാർക്കു കീഴ്പ്പെട്ട് ജീവിക്കുന്ന സ്ത്രീകളേക്കാൾ മറ്റു തരത്തിൽ ജീവിക്കുന്ന സ്ത്രീകളിലാണ് ഇത്തരം വ്യാധികൾ പലതും പിടിപെടുന്നത്. ഇതെല്ലാം ആളുകൾ സമ്മതിച്ചാലും ഇല്ലെങ്കിലും വാസ്തവമാണ്.

ദൈവം മാത്രമാണ് ദേവം. ഏക സത്യദൈവമേയുള്ളു. മറ്റൊരു ദൈവമില്ല. ദൈവം ഉണ്ട്. അവനാണ് അന്തിമ സത്യം. അവനെ നിഷേധിക്കുന്നത് അന്തിമമായ തെറ്റാണ്. സത്യദൈവത്തെ അറിയാത്തവർ മിഥ്യാദൈവങ്ങളെ അഥവാ ജീവനില്ലാത്ത വിഗ്രഹങ്ങളെ വണങ്ങുന്നു. അതു തെറ്റാണ്. അതിന്റെ അനന്തര ഫലം ദൈവം മുന്നറിയിച്ചിട്ടുണ്ട്. നാം അവിശ്വസിച്ചാലും ദൈവം ഉണ്ട് എന്നതിന് മാറ്റം വരുന്നില്ല. നാം വിശ്വസിച്ചാലും ഇല്ലെങ്കിലും ദൈവത്തിന്റെ വിശ്വസ്തതക്കു മാറ്റം വരികയില്ല.

അതുകൊണ്ട് ദൈവം അല്ല ചിലർ അനുഗ്രഹിക്കപ്പെടുവാനും മറ്റുചിലർ ശപിക്കപ്പെടുവാനും ഇടയാക്കിയത്. നാം തന്നെയാണ് അല്ലെങ്കിൽ നമ്മുടെ പ്രവൃത്തികളാണ്. നമ്മുടെ ജീവിതത്തിൽ നാം സത്യത്തെ സ്വീകരിച്ചാൽ അതിന്റേതായ ഫലമുണ്ട്. നിരസിച്ചാൽ അതിന് നാശവുമുണ്ട്. നാം അവനെ ഉപേക്ഷിച്ചാൽ അവൻ നമ്മെയും ഉപേക്ഷിക്കും (2 തിമൊഥെയൊസ് 2:12,13). അവന്നു തന്നെത്താൻ ത്യജിക്കാൻ സാധ്യമല്ല. യേശു ഈ ഭൂമിയിലായിരുന്നപ്പോൾ അവിശ്വാസികളോട് അവൻ പറഞ്ഞു "ഞാനോ അവനെ അറിയുന്നു, അവനെ അറിയുന്നില്ല എന്നു ഞാൻ പറഞ്ഞാൽ നിങ്ങളെപ്പോലെ ഭോഷ്ക്ക് പറയുന്നവൻ ആകും. എന്നാൽ ഞാൻ അവനെ അറിയുന്നു. അവന്റെ വചനം പ്രമാണിക്കയും ചെയ്യുന്നു" (യോഹന്നാൻ 8:55),

✶

*Watch!*

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.

**പി.കെ വർഗ്ഗീസ്**

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

The English Voice of Truth is available.
One can contact Philemon or Kingsley at:
P.C. Philemonrajah, P.O. Box 15, 45 C/1 Church Lane,
Coronation Street, Arasardi, Madurai 625016
Mobile : 9244204420, 9244214421(Kingsley), 0452-2607026(Landline)

## Gospel Preaching On Television & Radio

Tamil :
Nambikkai TV - Every Saturday at 8.00 pm
Tamilan TV - Every Monday at 6.00 pm
Speaker : **Arjunan**

Tamilan TV - Every Sunday at 6.45 am
Nambikkai TV - Every Sunday at 3.30 pm
Speaker : **Philemon & Kingsley**

Tamilan TV - Every Monday at 7.00 am
Every Thursday at 9.30 pm
Every Saturday at 7.15 am
Speaker : **Rajanayagam**

Hindi :
Subhasandesh TV - Every Sunday & Tuesday at 7.00 pm
Speaker : **Sunny, Francis & Vinay David**

Malayalam :
Jai Hind TV - Every Saturday at 6.00 am
Speaker : **P. K. Varghese**

Telugu :
Subhavartha TV - Every Sunday 6.00 pm
Rakshana TV - Every Wednessday 6.30 pm
Rakshana TV - Every Thursday 11.00 am
Sathyavani TV - Every Wed & Friday 8.00 pm
www.sakthitv.in
Aradhana TV - Every Saturday at 6.30 am
Kanthi TV - Everyday at 7.30 am & 3.30 pm
Speakers : **Joshua & Ricky Gootam**

Manipur :
TC Network - Every Monday at 6.30 pm
TC Network - Every Wed. & Friday at 6.00 am
Speaker : **Thang Lien**

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India


From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378


To